**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3001** — **10.05.2017-ൽ മറുപടിക്ക്**

**ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈംനമ്പർ 16/17**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈംനമ്പർ 16/17 ഏത് സംഭവവുമായി ബന്ധപ്പെട്ടതാണ്; | (എ) കാസർഗോഡ് ബേക്കൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 16/2017 u/s. 302 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് 12.01.2017 രാത്രി 8.30നും 13.01.2017 വൈകുന്നേരം 5.30നും ഇടയ്ക്കുള്ള ഏതോ സമയം പനയാൽ ഗ്രാമത്തിൽ കാട്ടിയടുക്കം എന്ന സ്ഥലത്തുള്ള പരാതിക്കാരനായ ശ്രീധരൻ, S/o. പക്കീരൻ എന്നയാളുടെ അമ്മ 65 വയസ്സുള്ള ദേവകിയെ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടിൽ വച്ച് കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ചുള്ളതാണ്. |
| (ബി) ഈ കേസ്സിൽ ആരെയെങ്കിലും പിടികൂടിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) പ്രസ്തുത കേസിലെ പ്രതികളെ നാളിതുവരെയുള്ള അന്വേഷണത്തിൽ തിരിച്ചറിഞ്ഞിട്ടില്ല. കേസ് ഇപ്പോൾ ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**